**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1164** **02/05/2017 ൽ മറുപടിക്ക്**

**ഇന്റേണൽ ഓഡിറ്റ് വിഭാഗം ഫലപ്രദമായി പ്രവർത്തിക്കുവാൻ നടപടി**

| ചോദ്യം<br>ശ്രീ.പി.കെ. ബഷീർ : | മറുപടി<br>ശ്രീ.വി. എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
|---|---|
| എ) കൃഷി വകുപ്പിൽ വകുപ്പുതല ഇന്റേണൽ ആഡിറ്റ് വിഭാഗം നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിലെ നിലപാട് വ്യക്തമാക്കുമോ; | (എ) വകുപ്പുതല ഇന്റേണൽ ആഡിറ്റ് വിഭാഗം നിലവിലുണ്ട്. |
| ബി) ഇന്റേണൽ ആഡിറ്റ് വിഭാഗം നിലവിലുണ്ടെങ്കിൽ അത് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; ഇക്കാര്യത്തിലെ നിലപാട് വ്യക്തമാക്കുമോ; | (ബി) ജില്ലാ ഓഫീസുകളുടെ കീഴിൽ രണ്ട് ക്ളാർക്കും ഒരു സൂപ്രണ്ടും വീതമുള്ള രണ്ട് ഓഡിറ്റ് ടീമും ആസ്ഥാന കാര്യാലയത്തിൽ 3 സൂപ്രണ്ടും 8 ക്ളാർക്കും അടങ്ങുന്ന ഓഡിറ്റ് ടീമും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ തലത്തിൽ ആഡിറ്റ് ടീം അതതു ജില്ലയിലെ കൃഷി ഭവൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, സ്റ്റേറ്റ് ഫാം · ആസ്ഥാന കാര്യാലയത്തിലെ ഓഡിറ്റ് ടീം 14 ജില്ലകളിലെ 50 ഓളം ഓഫീസുകളിലുമാണ് ഇന്റേണൽ ഓഡിറ്റ് നടത്തുന്നത്. |
| സി) ഇന്റേണൽ ആഡിറ്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | (സി) ജില്ലാ തലത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ടി കൃഷി ഡയറക്ടറേറ്റിലെ ഒ ആന്റ് എം വിഭാഗം, ആഡിറ്റ് വിഭാഗം എന്നിവ ജില്ലാ ഓഫീസുകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ